പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4145** | **21.07.2015-ൽ മറുപടിക്ക്**

**നഗരങ്ങൾ സ്മാർട്ടാക്കുന്ന കേന്ദ്ര പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>" റോഷി അഗസ്റ്റിൻ<br>ഡോ. എൻ.ജയരാജ് | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും)<br>വകുപ്പു മന്ത്രി) | |
| (എ) | കേന്ദ്രസർക്കാർ ആവിഷ്ക്കരിക്കുന്ന നഗരങ്ങൾ സ്മാർട്ടാക്കുന്ന പദ്ധതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ഭാരതത്തിലെ 100 നഗരങ്ങളെ സ്മാർട്ട് സിറ്റികളായി വികസിപ്പിക്കുന്ന സ്മാർട്ട്സിറ്റി മിഷൻ എന്ന പദ്ധതിക്ക് 2015 ജൂൺ 25-ാം തീയതി ബഹു. പ്രധാനമന്ത്രി ഔദ്യോഗികമായി തുടക്കം കുറിച്ചിരുന്നു. നഗരജനസംഖ്യയുടെയും നിലവിലുള്ള നഗരങ്ങളുടെ എണ്ണത്തിന്റെയും അടിസ്ഥാനത്തിൽ കേരളത്തിലെ ഒരു നഗരത്തെയാണ് സ്മാർട്ട് സിറ്റി മിഷൻ പദ്ധതിയിൻ കീഴിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട നഗരങ്ങളെ സംബന്ധിച്ച് സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | സ്മാർട്ട് സിറ്റി മിഷൻ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്താൻ യോഗ്യതയുള്ള പട്ടണങ്ങളുടെ ഒരു കരട് ലിസ്റ്റ് തയ്യാറാക്കുന്നതിന് കേന്ദ്ര നഗരകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച സാധ്യതാ പഠനങ്ങളൊന്നും നിലവിൽ നടത്തിയിട്ടില്ല. |
| (സി) | പദ്ധതിയിൽ സംസ്ഥാനത്തെ ഉൾപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | പദ്ധതിയിൽ സംസ്ഥാനത്തെ ഇതിനകം ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ